**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5050** **04-07-2024 - ൽ മറുപടിയ്ക്ക്**

**ഫയൽ അദാലത്ത് നടത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ ഫയലുകൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | **(എ)യും (ബി) യും** ഓഫീസുകളിൽ ഇനിയും തീർപ്പാകാതെ ശേഷിക്കുന്ന ഫയലുകളിൽ അന്തിമ തീരുമാനം കൈക്കൊണ്ട് ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും ഇതിനോടകം തന്നെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളെ മൂന്നു സോണുകളായി തിരിച്ച് ജൂലൈ19,26, ആഗസ്റ്റ് 5 എന്നീ തീയതികളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തലങ്ങളിൽ ഫയൽ അദാലത്തുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | താലൂക്ക് തലങ്ങളിലും ജില്ലാ തലങ്ങളിലും അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | **(എ)യും (ബി) യും** ഓഫീസുകളിൽ ഇനിയും തീർപ്പാകാതെ ശേഷിക്കുന്ന ഫയലുകളിൽ അന്തിമ തീരുമാനം കൈക്കൊണ്ട് ഫയലുകൾ അടിയന്തരമായി തീർപ്പാക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ വിദ്യാഭ്യാസ ഓഫീസർമാർക്കും ഇതിനോടകം തന്നെ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസ ഓഫീസുകളെ മൂന്നു സോണുകളായി തിരിച്ച് ജൂലൈ 19,26, ആഗസ്റ്റ് 5 എന്നീ തീയതികളിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ല വിദ്യാഭ്യാസ ഓഫീസർ തലങ്ങളിൽ ഫയൽ അദാലത്തുകൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ